പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2137 **26-10-2026-ൽ മറുപടിയ്ക്ക്**

2016-21, 2021-26 കാലയളവുകളിലെ ഭവനപദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) 2016-21, 2021-26 എന്നീ കാലയളവുകളിൽ ഭവന പദ്ധതികൾ പ്രകാരം ഭൂമിയും വീടും നൽകിയവരുടെ വിവരങ്ങൾ ജനറൽവിഭാഗം ,എസ്.സി. വിഭാഗം എന്നിങ്ങനെ പ്രത്യേകമായി ലഭ്യമാക്കാമോ; ആകെ എത്ര തുക ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത കാലയളവുകളിൽ ലൈഫ് ഭവനപദ്ധതി പ്രകാരം തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവന രഹിതർക്കും ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ നിന്നും ഭൂമി ആർജിച്ചവർക്കും ഉൾപ്പടെ ഭവനനിർമ്മാണ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ ജനറൽ, എസ്.സി., എസ്.ടി. വിഭാഗം തിരിച്ച് അനുബന്ധം (1) ആയി ചേർക്കുന്നു. ആകെ 21246.64 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ വീടിന് മാത്രം ധനസഹായം നൽകിയതിന്റെ വിവരങ്ങളും ഭൂമി ലഭിച്ചിട്ടും വീട് വെക്കാതിരുന്നവർ എത്രയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ജനറൽവിഭാഗം എസ്.സി. വിഭാഗം എന്നിങ്ങനെ പ്രത്യേകം പ്രത്യേകമായി നൽകാമോ;

മറുപടി: 2016 മുതൽ 2021 വരെ 2,87,784 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 2,62,131 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണവും, 2021 മുതൽ 2026 കാലയളവിൽ 3,47,452 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 2,50,628 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 2016-17 മുതൽ 15.10.2026 വരെ ആകെ 6,35,236 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 5,12,759 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 1,22,477 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

ലൈഫ് മിഷൻ മുഖേന ഭൂമി വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പുകൾ, ലൈഫ് ചിറ്റിലപ്പിള്ളി ഭവന പദ്ധതി, മനസോടിത്തിരി മണ്ണ് ക്യാമ്പയിൻ എന്നിവയിലൂടെയും, സർക്കാർ പുറമ്പോക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഭൂമിയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. 2016-17 മുതൽ 15.10.2026 വരെ 50,607 ഭൂരഹിത ഭവനരഹിതർക്ക് ഇപ്രകാരം ഭൂമി ലഭ്യമാക്കിയതിൽ 49,649 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഭൂമി

ലഭിച്ചവരിൽ 958 ഗുണഭോക്താക്കൾ ഭവന നിർമ്മാണം നടത്തുവാൻ അവശേഷിക്കുന്നു. ഇതിൽ പൊതുവിഭാഗത്തിൽപ്പെട്ട 599 ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 311 ഗുണഭോക്താക്കളും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 48 ഗുണഭോക്താക്കളും ഉൾപ്പെടുന്നു.

(സി) ഇക്കാലയളവിൽ ഭവനരഹിതർക്കായുള്ള ഫ്ലാറ്റുകൾ അനുവദിച്ച കുടുംബങ്ങളുടെ എണ്ണം എത്രയെന്നും ഏതൊക്കെ സ്ഥലങ്ങളിലാണ് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ?

<u>മറുപടി:</u> 2016-17 മുതൽ 15.10.2026 വരെ ലൈഫ് ഭവനസമുച്ചയങ്ങളിലൂടെയും സ്പോൺസർഷിപ്പ്, പാർട്ട്ണർഷിപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയിലൂടെയും നിർമ്മാണം പൂർത്തീകരിച്ച് ഭൂരഹിത ഭവനരഹിതർക്ക് അനുവദിച്ചിട്ടുള്ള ഫ്ളാറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം -1

കാലയളവ്	ഭവനനിർമ്മാണ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം				ഭവനനിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം			
	ജനറൽ (ഫിഷറീസ് ഉൾപ്പെടെ)	എസ്.സി.	എസ്.ടി.	ആകെ	ജനറൽ (ഫിഷറീസ് ഉൾപ്പെടെ)	എസ്.സി.	എസ്.ടി.	ആകെ
2016-21	1,67,307	84,022	36,455	**2,87,784**	1,77,726	61,553	22,852	**2,62,131**
2021-26	2,49,411	79,120	18,921	**3,47,452**	1,53,732	72,167	24,729	**2,50,628**
ആകെ	**4,16,718**	**1,63,142**	**55,376**	**6,35,236**	**3,31,458**	**1,33,720**	**47,581**	**5,12,759**

അനുബന്ധം - 2

	ജില്ല	ഗ്രാമപഞ്ചായത്ത്/ കോർപ്പറേഷൻ	പ്രോജക്ട്	പുനരധിവസിപ്പിച്ചവരുടെ എണ്ണം
ലൈഫ് മിഷൻ മുഖേന നിർമ്മിച്ച/ വിലയ്ക്ക് വാങ്ങിയ ഭവനസമുച്ചയങ്ങൾ	ഇടുക്കി	അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി	അടിമാലി	211
	കൊല്ലം	പുനലൂർ നഗരസഭ	പുനലൂർ	44
	കോട്ടയം	വിജയപുരം ഗ്രാമപഞ്ചായത്ത്	വിജയപുരം	44
	ഇടുക്കി	കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി	കരിമണ്ണൂർ	42
	കണ്ണൂർ	കടമ്പൂർ ഗ്രാമപഞ്ചായത്ത്	കടമ്പൂർ	44
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിച്ച ഭവനസമുച്ചയങ്ങൾ	തിരുവനന്തപുരം	വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്	വെങ്ങാനൂർ	21
	എറണാകുളം	കീഴ്മാട് ഗ്രാമപഞ്ചായത്ത്	കീഴ്മാട്	12
	എറണാകുളം	അങ്കമാലി നഗരസഭ	അങ്കമാലി	12
	കണ്ണൂർ	പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്	എരമം-കുറ്റൂർ	5
	കണ്ണൂർ	കണ്ണൂർ ജില്ലാ പഞ്ചായത്ത്	ഏഴോം	24
	തിരുവനന്തപുരം	കാട്ടാക്കട ഗ്രാമപഞ്ചായത്ത്	കാട്ടാക്കട	28
	തിരുവനന്തപുരം	കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്	പഴയകുന്നുമ്മേൽ	18
പാർട്ട്ണർഷിപ്പിലൂടെ നിർമ്മിച്ച ഭവനസമുച്ചയങ്ങൾ	എറണാകുളം	ജി.സി.ഡി.എ.	കൊച്ചി നഗരസഭ	78
	മലപ്പുറം	പെരിന്തൽമണ്ണ നഗരസഭ	പെരിന്തൽമണ്ണ	346
സ്പോൺസർഷിപ്പിലൂടെ ലഭിച്ച ഭവനസമുച്ചയങ്ങൾ	തിരുവനന്തപുരം	തിരുവനന്തപുരം നഗരസഭ	മണ്ണന്തല	7
	തൃശ്ശൂർ	കെയർഹോം	പഴയന്നൂർ	34
	കണ്ണൂർ	ഹൗസിംഗ് ബോർഡ്	പട്ടുവം	23
	കണ്ണൂർ	കെയർഹോം	കുറുമാത്തൂർ	18
ആകെ				**1011**